II ഇ.ബി. XIII- കേരള നിയമസഭ/V-5

# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ – സംഗ്രഹം

## 2012 ജൂൺ 15, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ മലപ്പുറം ജില്ലയിൽ നടന്ന ഇരട്ട ക്കൊലക്കേസ്സിലെ പ്രതിയെ അറസ്റ്റുചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ബാനറുകളും പ്ലക്കാർഡുകളും പിടിച്ചുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ നടുത്ത ളത്തിൽ വന്ന് മുദ്രാവാക്യം വിളിക്കുകയും പ്രതിപക്ഷ നേതാവിന് സംസാരി ക്കാൻ അവസരം നൽകാത്തതിൽ പ്രതിഷേധിച്ച് ബഹളം വയ്ക്കുകയും ചെയ്തുകൊണ്ടിരുന്നു.)

14 (*121) <u>കാര്യക്ഷമമായ പഞ്ചായത്ത് ഭരണം</u>

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ) നൽകിയ മറുപടിയിൽ, ത്രിതല പഞ്ചായത്തുകളുടെ ഭരണം കാര്യ ക്ഷമമാക്കുന്നതിനായി 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ടിംഗ്) ചട്ടങ്ങൾ പുറപ്പെടുവിക്കുകയും സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തു കളിലും കമ്പ്യൂട്ടർവത്കൃത ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം നടപ്പിലാക്കുകയും അക്കൗണ്ടിംഗ് കാര്യക്ഷമമാക്കുന്നതിലേയ്ക്ക്

അക്കൗണ്ടന്റുമാരെ നിയമിക്കുകയും ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സേവനങ്ങളെക്കുറിച്ച് പൗരന്മാരെ ബോധവാന്മാരാക്കുന്നതിന് പൗരാവകാശരേഖ പ്രസിദ്ധീകരിക്കുകയും അവ ഓഫീസിനുപുറത്ത് രേഖപ്പെടുത്തിവയ്ക്കണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തുകളിൽ പൗരാവകാശരേഖയിൽ പരാമർശിക്കുന്ന സേവനങ്ങൾ യഥാവിധി നടപ്പിലാക്കുന്നതിലെ പുരോഗതി വിലയിരുത്തുകയും പോരായ്മകൾ പരിഹരിക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയതിലൂടെ ആദ്യം വരുന്നവർക്ക് ആദ്യസേവനം എന്ന തത്വം പ്രാവർത്തികമാക്കാനും ഫ്രണ്ട് ഓഫീസുകളിൽ ഫയൽ വിവരങ്ങൾ രേഖപ്പെടുത്തി ഓരോ സെക്ഷനിലും അതാത് സമയത്തെ പുരോഗതി രേഖപ്പെടുത്തുന്നതിനും ഫയൽ മോണിറ്ററിംഗ് ചെയ്യുന്നതിനും 308 ഗ്രാമപഞ്ചായത്തുകളിൽ സൂചിക ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനും ഇതുവഴി ജീവനക്കാരുടെ ജോലിഭാരം കുറയ്ക്കാനും പൊതുജനങ്ങൾക്ക് വേഗത്തിൽ സേവനം ലഭ്യമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. 'സേവന' ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ വഴി 976 ഗ്രാമപഞ്ചായത്തുകളിൽ ജനന-മരണ-വിവാഹ രജിസ്ട്രേഷൻ നടത്തുകയും സേവന (പെൻഷൻ) ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ വഴി 975 ഗ്രാമപഞ്ചായത്തുകളിൽ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. കമ്പ്യൂട്ടർവത്ക്കരണത്തിന്റെ ഫലമായി ജനന-മരണ-വിവാഹ രജിസ്ട്രേഷൻ, കെട്ടിട നിർമ്മാണ പെർമിറ്റുകൾ, ജീവനകാര്യങ്ങൾ, അക്കൗണ്ടിംഗ്, പദ്ധതി നിർവ്വഹണം എന്നിവയുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ഗ്രാമപ

ഞ്ചായത്തുകളിലെ ജീവനക്കാരുടെ ശമ്പള ബിൽ തയ്യാറാക്കുന്നതിനുള്ള 'സ്ഥാപന' ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ 928 ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കി. വേഗത്തിലും കൃത്യതയിലും സേവനം പ്രദാനം ചെയ്യുന്ന തിനായി ഐ.കെ.എം.ന്റെ ആഭിമുഖ്യത്തിൽ വികസിപ്പിച്ച സോഫ്റ്റ് വെയറുകൾ ഉപയോഗിച്ചുള്ള കമ്പ്യൂട്ടർവത്ക്കരണം നടന്നുവരികയാണ്. ജീവനക്കാർക്കും ജനപ്രതിനിധികൾക്കും 'കില' മുഖാന്തിരം സമയബന്ധിത മായി പരിശീലനം നൽകിവരുന്നുണ്ട്. പഞ്ചായത്ത് വകുപ്പിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനായി നിയോഗിച്ച കമ്മിറ്റിയുടെ പഠന റിപ്പോർട്ട് നടപ്പിൽ വരുത്തുന്നതിനായി ആറംഗ കമ്മിറ്റിയെ നിയോഗിക്കുകയും മറ്റ് വകുപ്പുകളിൽനിന്ന് ജീവനക്കാരെ പുനർവിന്യസിക്കുകയും സെറിഫെഡിൽ നിന്നും ജീവനക്കാരെ വകുപ്പിലേയ്ക്ക് മാറ്റുകയും ചെയ്തിട്ടുണ്ടെന്ന് മന്ത്രി അറിയിച്ചു. ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ഗ്രാമപഞ്ചായ ത്തുകളുടെ പ്രവർത്തനങ്ങൾ അവലോകനം നടത്തി പഞ്ചായത്ത് ഡയറ ക്ടർ മതിയായ നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. ഗ്രാമപഞ്ചായത്തുകളുടെ റവന്യൂ അക്കൗണ്ടിംഗ് പ്രവർത്തനങ്ങൾ കമ്പ്യൂട്ടർവത്കരിച്ചതുവഴി അതത് ദിവസത്തെ സാമ്പത്തികസ്ഥിതിയും ചെലവ് വിവരങ്ങളും ആസ്തി ബാദ്ധ്യതാ വിവരങ്ങളും കൃത്യമായി പരിശോധിച്ച് തിട്ടപ്പെടുത്തുന്നു ണ്ടെന്നും 'സാംഖ്യ', 'സുലേഖ' തുടങ്ങിയ സോഫ്റ്റ് വെയറുകൾ ഉപയോ ഗിച്ച് ഫണ്ട് വിനിയോഗം സുതാര്യതയോടെ നടപ്പാക്കാൻ കഴിയുന്നു ണ്ടെന്നും പഞ്ചായത്തുകളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യ മായ ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരി ച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഗ്രാമപഞ്ചായത്തുകൾക്ക് വാങ്ങാവുന്ന

കമ്പ്യൂട്ടറുകളുടെ എണ്ണം 9 ആക്കി ഉയർത്തിയിട്ടുണ്ട്. അടിയന്തിരഘട്ടങ്ങളിൽ പഞ്ചായത്തുകൾക്ക് വിനിയോഗിക്കാവുന്ന തുകയുടെ പരിധി വർദ്ധിപ്പിക്കുന്ന കാര്യം ആലോചിച്ചുവരികയാണെന്നും സോഷ്യൽ ഓഡിറ്റിംഗ് നടപ്പാക്കുന്നുണ്ടെന്നും നവീകരിച്ച 30 അറവുശാലകൾ ആരംഭിക്കുന്നതിനായി 5 കോടി രൂപ നീക്കിവച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(ചോദ്യകർത്താക്കൾ സീറ്റിലില്ലാതിരുന്നതിനാൽ 122-ാം നമ്പർ ചോദ്യം ഉന്നയിക്കപ്പെട്ടില്ല.)

(പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിലിരുന്ന് മുദ്രാവാക്യം വിളിക്കുകയും ബഹളം വയ്ക്കുകയും ചെയ്തുകൊണ്ടിരുന്നതിനാൽ 8.35-ന് ചോദ്യോത്തരവേള സസ്പെൻഡ് ചെയ്യുന്നതായി ബഹുമാനപ്പെട്ട സ്പീക്കർ പ്രഖ്യാപിക്കുകയും കാര്യവിവര പട്ടികയിലെ അടുത്ത നടപടികളിലേയ്ക്ക് കടക്കുകയും ചെയ്തു.)